മാധ്യമം

14 October 2023

# കാർഷിക സയൻസ് കോൺഗ്രസ് സമാപിച്ചു

**കൊച്ചി:** 16ാമത് കാർഷിക സയൻസ് കോൺഗ്രസ് സമാപിച്ചു. സമാപന സംഗമത്തിൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾചറൽ റിസർച് (ഐ.സി.എ.ആർ) ഡയറക്ടർ ജനറൽ ഡോ. ഹിമാൻഷു പാഠക് അധ്യക്ഷത വഹിച്ചു.

നാഷനൽ അക്കാദമി ഓഫ് അഗ്രികൾചറൽ സയൻസസ് (നാസ്) സംഘടിപ്പിച്ച കോൺഗ്രസിന് ഇത്തവണ ആതിഥ്യമരുളിയത് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) ആണ്.

ആറ് പ്ലീനറി പ്രഭാഷണങ്ങളും നാല് സിമ്പോസിയങ്ങളും മൂന്ന് പാനൽ ചർച്ചകളും ഒരു ശിൽപശാലയും നടന്നു. പോഷകാഹാരക്കുറവ്, കാലാവസ്ഥാവ്യതിയാനം, ജനിതക വിളകൾ, മൃഗസംരക്ഷണം, മത്സ്യകൃഷി, ഭക്ഷ്യസംസ്കരണം, ഡിജിറ്റൽ കൃഷി, നിർമിതബുദ്ധി അധിഷ്ഠിത കാർഷികവൃത്തി തുടങ്ങിയ വിഷയങ്ങളിൽ 114 പ്രബന്ധങ്ങൾ അവതരിപ്പിച്ചു. 1500ലേറെ പ്രതിനിധികൾ പങ്കെടുത്തു.

നാസ് വൈസ് പ്രസിഡന്റ് ഡോ. കെ.എം. ബുജർബറുവ, ഐ.സി.എ.ആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന, ഡോ. പഞ്ചാബ് സിങ്, നാസ് സെക്രട്ടറി ഡോ. ഡബ്ല്യു.എസ് ലാക്ര, സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

MAGZTER